# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 1297** **03.10.2016 -ൽ മറുപടിയ്ക്ക്**

## നദീജല സംയോജന പദ്ധതി

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ**

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന നദീജല സംയോജന പദ്ധതിയിൽ സംസ്ഥാന സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(എ) ഉണ്ട്. കേന്ദ്ര സർക്കാർ ആവിഷ്കരിക്കുന്ന നദീജല സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കേരളത്തെ ബാധിക്കുന്ന പമ്പ – അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാരിന് തികച്ചും പ്രതികൂലമായ നിലപാടാണ് ഉള്ളത്. യാതൊരു കാരണവശാലും പമ്പ – അച്ചൻകോവിൽ - വൈപ്പാർ നദീസംയോജന പദ്ധതി അനുവദിക്കുകയില്ല എന്നതു തന്നെയാണ് കേരളം തുടക്കം മുതൽക്കേ സ്വീകരിച്ചിരിക്കുന്ന നിലപാട്. കേന്ദ്രസർക്കാരിന്റെ നദീസംയോജന പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെയാണ് പമ്പ – അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയെ നദീസംയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയത്. എന്നിരുന്നാലും കേന്ദ്ര ജലവിഭവ വകുപ്പിനു കീഴിലുള്ള ജലവികസന ഏജൻസി (NWDA) വിളിച്ചു ചേർത്തിട്ടുള്ള വിവിധയോഗങ്ങളിൽ കേരളം പങ്കെടുക്കുകയും, നദീസംയോജന പദ്ധതിയ്ക്കെതിരായ കേരളത്തിന്റെ അഭിപ്രായം ശക്തമായി പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. NWDA -യുടെ പമ്പ – അച്ചൻകോവിൽ നദികളുടെ Water Balance Study Report – മേൽ കേരളം സമർപ്പിച്ച എതിർപ്പുകൾ പരിഗണിക്കാതെയാണ് NWDA 1995-ൽ പമ്പ അച്ചൻകോവിൽ - വൈപ്പാർ ലിങ്ക് പദ്ധതിയുടെ Feasibility report തയ്യാറാക്കിയത്.

ദേശീയ ജല വികസന സമിതിയുടെ Special Committee for interlinking of rivers രൂപീകരിച്ച സബ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ (under the future works of NWDA 2015-19 - interstate link – Karnataka State) " ബാരാപ്പോൾ - അപ്പർ കാവേരി " എന്ന NWDA-

യുടെ ഒരു പുതിയ നദീസംയോജന പദ്ധതിയെ ക്കുറിച്ച് സൂചിപ്പിച്ചു കാണുന്നു. നദീസംയോജന പദ്ധതിയുടെ വിശദ വിവരങ്ങൾ ദേശീയ ജല വികസന ഏജൻസിയുടെ വെബ് സൈറ്റിലോ, ഇതുവരെ പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിലോ ഉൾപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ നദീ സംയോജന പദ്ധതിയിയെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടില്ല. പ്രസ്തുത നദീ സംയോജന പദ്ധതി മൂലം കേരളത്തിലുണ്ടാകുന്ന മേല്പറഞ്ഞ ഭവിഷ്യത്തുക ളെക്കുറിച്ച് കേരളം NWDA-യെ അറിയിക്കുകയും പ്രസ്തുത പദ്ധതി ഒഴിവാക്കണമെന്നും NWDA-യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ബേസിൻ സ്റ്റേറ്റുകളുടെ അനുമതിയോടെ മാത്രമെ പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാ ക്കുകയുള്ളൂ എന്ന് NWDA ഉറപ്പ് തന്നിട്ടുണ്ട്.

സെക്ഷൻ ഓഫീസർ